**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **04-07-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഓഫീസുകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജാഫീസുകൾ മുതലുള്ള റവന്യൂ ഓഫീസുകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഈ വകുപ്പിന്റെ ശൈലി മാറ്റുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | എല്ലാ വില്ലേജുകളും സൗകര്യപ്രദമായ സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 189 വില്ലേജുകൾ സ്മാർട്ട് വില്ലേജുകൾ ആക്കി മാറ്റിയിട്ടുള്ളതും, 326 എണ്ണം നിർമ്മാണത്തിലിരിക്കുന്നതും, 706 ഓഫീസുകൾ നവീകരിച്ച് സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നതുമാണ്. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ അപേക്ഷകൾ ലഭ്യമാക്കുന്നതിനും ഭൂനികുതി ഉൾപ്പെടെയുള്ള നികുതികൾ അടക്കുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് തല ജനകീയ സമിതികൾ രൂപീകരിച്ച് അതത് വില്ലേജിന്റെ പരിധിയിൽ വരുന്ന പ്രശ്നങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. വില്ലേജ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം വകുപ്പ് മുഖേന നൽകി വരുന്നു. 04/06/2022 ലെ സ.ഉ.(അച്ചടി)62/2022/ധന പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഈ ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എംഎൽഎ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | അർഹമായ സർട്ടിഫിക്കറ്റുകളും സർക്കാർ ആനുകൂല്യങ്ങളും യഥാസമയം ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ഇത് നിരീക്ഷിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ? | (ബി) | റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും പൊതുജനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി റവന്യൂ ഇ- സാക്ഷരത എന്ന പേരിൽ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ വകുപ്പിൽ നിന്നും ജില്ലാ അടിസ്ഥാനത്തിൽ Master traine-കളെ നിയമിക്കുന്നതും അവർ കുടുംബശ്രീ, റെസിഡൻസ് അസോസിയേഷൻ, വില്ലേജ് തലസമിതി തുടങ്ങിയ |

| | | | |
|---|---|---|---|
| | | | കൂട്ടായ്മകളിലൂടെ പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. സർട്ടിഫിക്കറ്റുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നിരീക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ